**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 705 — 11.07.2016-ൽ മറുപടിയ്ക്ക്

**റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ഏറ്റെടുത്ത പ്രവൃത്തികൾ**

**ചോദ്യം** — **മറുപടി**

**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ.ജി.സുധാകരൻ**
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന സ്ഥാപനം കേരളത്തിൽ എത്ര പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട് ; അവ ഏതെല്ലാം ; ഓരോന്നിന്റെയും തുകയെത്ര ;

(ബി) ഓരോ പ്രവൃത്തിയും ഏതൊക്കെ ജില്ലയിലാണെന്ന് അറിയിക്കുമോ ;

(എ) യും (ബി) യും — റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് 4 റോഡുകളുടെ നവീകരണ പ്രവൃത്തികൾ 13 വർഷത്തെ പരിപാലന വ്യവസ്ഥയോടെ പി.പി.പി./ആന്വിറ്റി രീതിയിൽ നടപ്പാക്കുന്നതിന് ഏറ്റെടുത്തിട്ടുണ്ട്. ഇവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | റോഡുകളുടെ പേര് | ജില്ല | നീളം കി.മീ. | പ്രൊജക്ട് തുക കോടി രൂ |
|---|---|---|---|---|
| പാക്കേജ് 'എ'(മോഡിഫൈഡ്) | | | | |
| 1. | വിദ്യാനഗർ-മായിപ്പാടി-സീതാംഗോളി റോഡ് | കാസർഗോഡ് | 9.40 | 81 |
| 2. | ഉപ്പള-കനിയന റോഡ് | കാസർഗോഡ് | 15.60 | |
| | **ആകെ** | | 25 | |
| പാക്കേജ് 'ബി' | | | | |
| 3. | കാഞ്ഞിരപ്പള്ളി-കാഞ്ഞിരം കവല റോഡ് | കോട്ടയം | 36.10 | 128.91 |
| 4. | വെള്ളനാട്-ചെറ്റച്ചൽ റോഡ് | തിരുവനന്തപുരം | 21.90 | |
| | **ആകെ** | | 58 | |

(സി) പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

(സി) റോഡുകളുടെ ഗതാഗതബാഹുല്യം, ദേശീയ പാതയും മറ്റു പ്രധാന റോഡുമായുള്ള ബന്ധം, റോഡുകൾ കടന്നുപോകുന്ന പ്രദേശങ്ങളുടെ കാർഷിക വ്യാവസായിക വിനോദ സഞ്ചാര മേഖലകളുമായുള്ള ബന്ധം മുതലായ ഘടകങ്ങളെ ആസ്പദമാക്കിയാണ് റോഡുകൾ തെരഞ്ഞെടുക്കുന്നത്.

**സെക്ഷൻ ഓഫീസർ**